# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

**TIME: 06.30 PM** **DATE: 25.03.2025**

## പ്രധാനവാർത്ത

**1).** **2025 ലെ ധനകാര്യ ബിൽ ലോക്സഭ പാസാക്കി. നികുതിദായകർക്ക് മുൻപില്ലാത്ത വിധത്തിലുള്ള ഇളവുകൾ ഉറപ്പാക്കുന്ന ബില്ലെന്ന് കേന്ദ്ര ധനമന്ത്രി.**

**2).** **സ്വകാര്യ സർവകലാശാലകൾക്ക് പ്രവർത്തന അനുമതി നൽകിക്കൊണ്ടുള്ള സ്വകാര്യ സർവകലാശാല ബിൽ നിയമസഭ പാസാക്കി.**

**3).** **പരിഷ്കരിച്ച പത്താം ക്ലാസ് പാഠപുസ്തകങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.**

**4)** **വയനാട്ടിൽ ആദിവാസി മേഖല കേന്ദ്രീകരിച്ച് അനുമതിയില്ലാതെ ആരോഗ്യ പരീക്ഷണം നടത്തുന്നുവെന്ന വാർത്തയിൽ അന്വേഷണം പ്രഖ്യാപിച്ച് ആരോഗ്യവകുപ്പ്.**

**5).** **ഉയർന്ന താപനിലയുടെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

RNU TVPM

**6). ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സ് പോരാട്ടം.**

****************************************

**പാർലമെന്റ്**

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. 2025 ലെ ധനകാര്യ ബിൽ ലോക്സഭ പാസാക്കി. സുഗമമായ വ്യാപാരവും നികുതിദായകർക്ക് മുൻപില്ലാത്ത വിധത്തിലുള്ള ഇളവുകളും ഉറപ്പാക്കുന്നതാണ് ബില്ലെന്ന് ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്രധനമന്ത്രി നിർമലാ സീതാരാമൻ പറഞ്ഞു. ദുരന്തനിവാരണ ഭേദഗതി ബിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രാജ്യസഭയിൽ അവതരിപ്പിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ , രാജ്യത്തെ ഓരോ പൗരൻമാരെയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ആവശ്യമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

****************************************

**ആർ ബിന്ദു - (ഇൻട്രോ)**

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന്റെ അവസാന ദിനമായ ഇന്ന് സ്വകാര്യ സർവകലാശാലകൾക്ക് പ്രവർത്തന

RNU TVPM

അനുമതി നൽകിക്കൊണ്ടുള്ള സ്വകാര്യ സർവകലാശാല ബിൽ നിയമസഭ പാസാക്കി. വിശദമായ ചർച്ചകളും പഠനങ്ങളും നടത്തിയ ശേഷമാണ് ബിൽ അവതരിപ്പിക്കുന്നതെന്നും സർവകലാശാലകളിൽ സർക്കാർ നിയന്ത്രണം ഉറപ്പാക്കുമെന്നും ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി ആർ ബിന്ദു പറഞ്ഞു.

**(ഹോൾഡ് വോയ്സ്...........)**

കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന ഭേദഗതി ബിൽ, കേരള ധനകാര്യ ബിൽ, സർവകലാശാല നിയമങ്ങളുമായി ബന്ധപ്പെട്ട രണ്ട് ഭേദഗതി ബില്ലുകൾ, കേരള സ്പോർട്സ് ഭേദഗതി ബിൽ എന്നിവയും സഭ ഇന്ന് ചർച്ച ചെയ്തു.

RNUTVPM

***************************************

**കേരള നിയമസഭ**

കേരളത്തിൽ അണക്കെട്ടുകളുടെ സമീപത്തുള്ള വീടുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മുൻ ഉത്തരവ് പിൻവലിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭിൽ പറഞ്ഞു. ഡാം സുരക്ഷ നിയമം നടപ്പാക്കിയപ്പോൾ വീടുകൾക്ക് പെർമിറ്റ് നമ്പർ ലഭിക്കുന്നില്ലെന്ന വിഷയം സഭ നടപടികൾ

നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് പ്രതിപക്ഷത്ത് നിന്ന് മോൻസ് ജോസഫാണ് നോട്ടീസ് നൽകിയത്. ഉത്തരവ് പിൻവലിച്ചതായുള്ള മന്ത്രിയുടെ പ്രഖ്യാപനത്തെ പ്രതിപക്ഷം സ്വാഗതം ചെയ്തു.-

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് മന്ത്രി വി എൻ വാസവൻ പറഞ്ഞു.

BIJU TVPM

****************************************

**<u>വയനാട് കെ രാജൻ</u>**

വയനാട് പുനരധിവാസത്തിന്റെ ഭാഗമായി ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കം കുറിയ്ക്കുമെന്ന് മന്ത്രി കെ രാജൻ. അതേസമയം പുനരധിവാസവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽഅപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 30 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായി.

****************************************

## മുഖ്യമന്ത്രി എയർ ടിക്കറ്റ്

ഉത്സവകാലങ്ങളിൽ വിമാനക്കമ്പനികൾ വൻ തുക ടിക്കറ്റ് നിരക്കായി ഈടാക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ തേടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിമാന ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വ്യോമയാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. - സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് പൊതു സൗകര്യം □രുക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കുമെന്ന് മന്ത്രി എം.ബി.രാജേഷ് നിയമസഭയിൽ പറഞ്ഞു.

RNUTVPM

****************************************

## വയനാട് - വീണാ ജോർജ്

വയനാട്ടിൽ ആദിവാസി മേഖല കേന്ദ്രീകരിച്ച് അനുമതിയില്ലാതെ ആരോഗ്യ പരീക്ഷണം നടത്തുന്നുവെന്ന വാർത്തയിൽ അന്വേഷണം പ്രഖ്യാപിച്ച് ആരോഗ്യവകുപ്പ്. ആരോഗ്യ വകുപ്പ് ഡയറക്ടർക്കും വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർക്കുമാണ് മന്ത്രി വീണാ ജോർജ് അന്വേഷണത്തിന് നിർദേശം നൽകിയത്. മാനന്തവാടിയിൽ ആദിവാസി ഊരുകളിൽ 'മെൻസ്ട്രൽ ഹെൽത്ത് കിറ്റ്'

പരീക്ഷിക്കാൻ നീക്കം ഉണ്ടായെന്ന വാർത്തയെ തുടർന്നാണ് നടപടി. യുഎസ് ആസ്ഥാനമായ ബയോമെഡിക്കൽ ലാബാണ് പരീക്ഷണം നടത്തുന്നത്.

**************************************

## പാഠപുസ്തക പ്രകാശനം

പരിഷ്കരിച്ച പത്താം ക്ലാസ് പാഠപുസ്തകങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. മന്ത്രിമാരായ വി ശിവൻകുട്ടി, കെ എൻ ബാലഗോപാൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

**************************************

## കൊടകര കുഴൽപ്പണകേസ്

കൊടകര കുഴൽപ്പണ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കൊച്ചി PMLA കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിനായി ബിജെപിക്ക് എത്തിച്ച പണമാണ് ഇതെന്ന പോലീസ് വാദം ED തള്ളി. ആലപ്പുഴയിലെ തിരുവിതാംകൂർ പാലസ് എന്ന വസ്തു വാങ്ങുന്നതിന് ധർമ്മരാജ് എന്നയാൾ ഡ്രൈവർ വശം കൊടുത്തയച്ച പണ □ രു

BNU TVPM

സംഘം തട്ടിയെടുക്കുക യായിരുന്നു എന്നാണ് ED കണ്ടെത്തിയിരിക്കുന്നത്. പണത്തിന്റെ ഉറവിടം സംബന്ധിച്ച രേഖകൾ ധർമരാജ് ഹാജരാക്കിയതായും കുറ്റപത്രത്തിൽ പറയുന്നു. രണ്ട് സ്ത്രീകൾ ഉൾപ്പെടെ 23 പേരാണ് കേസിലെ പ്രതികൾ.

**************************************

**<u>സപ്ലൈകോ ഫെയർ</u>**

സപ്ലൈകോയുടെ റംസാൻ ഫെയറുകൾക്ക് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി.ആർ. അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിച്ചു. മാർച്ച് 30 വരെ നടക്കുന്ന ഫെയറുകളിൽ വിവിധ ഉൽപ്പന്നങ്ങൾക്ക് 40 ശതമാനം വരെ വിലക്കുറവ് ഉണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

RNUTVPM

**************************************

**<u>നെന്മാറ ഇരട്ടക്കൊലപാതകം</u>**

പാലക്കാട് നെന്മാറ ഇരട്ടക്കൊലപാതക കേസിൽ അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചു. ആലത്തൂർ കോടതിയിലാണ് 132 സാക്ഷികളും 30-ലധികം ശാസ്ത്രീയ തെളിവുകളും ഉൾപ്പെടുത്തി

480 പേജുള്ള കുറ്റപത്രം സമർപ്പിച്ചത്. കേസിലെ ദൃക്സാക്ഷി മൊഴിയും രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലാൻ ഉപയോഗിച്ച ആയുധത്തിൽ നിന്നും പ്രതി ചെന്താമരയുടെ ഡി.എൻ.എ കണ്ടെടുത്തിട്ടുണ്ടെന്നും കുറ്റപത്രത്തിൽ പറയുന്നു.

*****************************************

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*****************************************

**ഗവർണർ**

വികസിത രാഷ്ട്രം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ രാജ്യത്തെ യുവാക്കൾ പൂർണ്ണമായും സജ്ജരാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. നെഹ്റു യുവ കേന്ദ്ര സംഗതൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച യൂത്ത് പാർലമെന്റ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

*****************************************

**കോഴിക്കോട് (ഇൻട്രോ)**

ചൂട് വർധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്

കോഴിക്കോട് നഗരത്തിന് പ്രത്യേക ഹീറ്റ് ആക്ഷൻ പ്ലാൻ

RIJUTVPM

തയ്യാറാക്കുന്നു. നഗരസഭയും ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളും മൂടാടി ഗ്രാമ പഞ്ചായത്തും ചേർന്നാണ്
പദ്ധതി നടപ്പാക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

**(വോയിസ്...............)**

*************************************

**<u>കാലാവസ്ഥ - സംസ്ഥാനം</u>**

സംസ്ഥാനത്ത് താപനില ഉയരുന്ന പശ്ചാത്തലത്തിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം വരും മ ണിക്കൂറിൽ തിരുവനന്തപുരം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ
 റ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.

*************************************

**<u>കണ്ണൂർ തുരീയം സംഗീതോത്സവം- (ഇൻട്രോ)</u>**

20-ാമത് തുരീയം സംഗീതോത്സവത്തിന് കണ്ണൂർ പയ്യന്നൂരിൽ
അല്പസമയത്തിനകം തിരിതെളിയും. പശ്ചിമ

RNU TVPM

ബംഗാൾ ഗവർണർ സി.വി. ആനന്ദബോസ് ഉദ്ഘാടനം ചെയ്യും. ജൂലൈ 13 വരെയാണ് സംഗീതോത്സവം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

**(വോയിസ്.........)**

*************************************

**<u>ഐ.പി.എൽ ക്രിക്കറ്റ്</u>**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 7:30-നാണ് മത്സരം.

*************************************

RNUTVPM

**<u>ഐ.ബി ഉദ്യോഗസ്ഥ സംസ്ക്കാരം</u>**

ട്രയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തിയ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ ഐബി ഉദ്യോഗസ്ഥ മേഘ മധുവിന്റെ സംസ്കാരം പത്തനംതിട്ട കോന്നിയിലെ വീട്ടുവളപ്പിൽ നടന്നു. അതേസമയം, മരണത്തിൽ വിശദമായ അന്വേഷണം ആവശ്യപ്പെട്ട് പോലീസിനും ഐ.ബിക്കും പരാതി നൽകുമെന്നും മേഘയുടെ പിതാവ് പറഞ്ഞു.

***************************************

## മോഹൻലാൽ - ശബരിമല

ശബരിമലയിലെ വഴിപാട് രസീത് സംബന്ധിച്ച മോഹൻലാലിന്റെ പ്രസ്താവന തെറ്റിദ്ധാരണ മൂലമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് . രസീത് വിവരങ്ങൾ പരസ്യപ്പെടുത്തിയത് ദേവസ്വം ഉദ്യോഗസ്ഥരല്ല.
വഴിപാട്  ടുക്കുമ്പോൾ കൗണ്ടർ ഫോയിൽ മാത്രമാണ് സൂക്ഷിക്കുക. രസീതിന്റെ ബാക്കി ഭാഗം വഴിപാട് നടത്തുന്ന ആൾക്ക് കൈമാറുമെന്നും ഇതാണ് മാധ്യമങ്ങൾ വഴി പ്രചരിച്ചതെന്നും ബോർഡ് വ്യക്തമാക്കി .

RNU TVPM

***************************************

## പരിസ്ഥിതി സംഗമം

ലോക ജലദിനത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിസ്ഥിതി സംഗമത്തിന് സമാപനം. ജലസുരക്ഷ, പരിസ്ഥിതി പുനഃസ്ഥാപനം, മാലിന്യ പരിപാലനം, നെറ്റ് സീറോ കാർബൺ കേരളം എന്നിമികച്ച മാതൃകകളെ ഉൾപ്പെടുത്തിയാണ് സംഗമം സംഘടിപ്പിച്ചത്. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനാണ് പരിസ്ഥിതി സംഗമം ഉദ്ഘാടനം ചെയ്തത്.

***************************************

<u>സ്ഥാനാരോഹണം</u>

യാക്കോബായ സഭയുടെ പുതിയ അധ്യക്ഷൻ ജോസഫ് മാർ ഗ്രിഗോറിയോസിന്റെ സ്ഥാനാരോഹണം ഇന്ന്. ഇന്ത്യൻ സമയം രാത്രി 08.30- ന് ലെബനനിലെ അച്ചാനെയിലുള്ള സെന്റ് മേരീസ് പാത്രിയർക്കാ കത്തീഡ്രലിൽ ആണ് ചടങ്ങുകൾ. മുൻ കേന്ദ്രസഹമന്ത്രി വി മുരളീധരൻ, ബെന്നി ബഹനാൻ എംപി, ബിജെപി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ അൽഫോൻസ് കണ്ണന്താനം തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

***************************************

<u>മറൈൻ എക്കോ സിറ്റി</u>

ഭവന നിർമ്മാണ ബോർഡിൻ്റെ കൊച്ചിയിലെ മറൈൻ എക്കോ സിറ്റി നിർമ്മാണം ഈ വർഷം ആരംഭിക്കുമെന്ന് മന്ത്രി കെ രാജൻ. നിയമസഭാ മന്ദിരത്തിൽ ചേർന്ന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

BNU TVPM

**************************************

**************************************

*****************

RNU TVPM